LIBRARY ARCHIVES Kerala Legislative Assembly

മാതിരപ്പിള്ളി ഗവ. വി.എച്ച്.എസ്.എസ്.-ൽ സ്പോർട്സ് ഹോസ്റ്റൽ

282 (4670) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മാതിരപ്പിള്ളി ഗവ. വി.എച്ച്.എസ്. സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) സംസ്ഥാന സ്കൂൾ കായിക മേളയിൽ സർക്കാർ തലത്തിൽ ഒന്നാം സ്ഥാനത്തും പൊതുവിൽ നാലാം സ്ഥാനത്തും എത്തിക്കൊണ്ടിരിക്കുന്ന പ്രസ്തുത സ്കൂളിലെ കുട്ടികൾ ഇവിടെ സ്പോർട്സ് ഹോസ്റ്റൽ ഇല്ലാത്തതിനാൽ കോതമംഗലം എം.എ. അക്കാദമിയിലാണ് പരിശീലനം നടത്തുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത അക്കാദമിയിൽ പരിശീലനം നടത്തുന്നതിനാൽ ഇപ്പോൾ ചാമ്പ്യൻഷിപ്പിനുവേണ്ടി സ്കൂളിന്റെ പേര് പരിഗണിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സ്കൂൾ സ്പോർട്സ് & ഗെയിംസ് മാന്വൽ പ്രകാരം സ്പോർട്സ് കൗൺസിലിന്റെ സ്പോർട്സ് ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക്, സംസ്ഥാന തലത്തിലെ മത്സരങ്ങളിൽ ലഭിക്കുന്ന പോയിന്റുകൾ അതാത് റവന്യൂ ജില്ലയുടെ പോയിന്റായി പരിഗണിക്കാനേ വ്യവസ്ഥയുള്ളൂ.

(ഡി) സ്കൂൾ കായികമേളയിൽ മികച്ച പ്രകടനം തുടർച്ചയായി നടത്തിവരുന്ന പ്രസ്തുത സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽനിന്നും നിർദ്ദേശം സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

വൈക്കം മണ്ഡലത്തിൽ സ്റ്റേഡിയം

283 (4671) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ ഒരു സ്റ്റേഡിയം പോലുമില്ലാത്ത വൈക്കം നിയോജക മണ്ഡലത്തിൽ വെള്ളൂർ പഞ്ചായത്തിലെ ഇരുമ്പയം പെരുന്തട്ട് സ്റ്റേഡിയം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

2020-21 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ക്രമ നമ്പർ 285-ൽ വെള്ളൂർ ഇരുമ്പയം പെരുന്തട്ട് സ്റ്റേഡിയം പദ്ധതിക്ക് കായികവകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ 300 ലക്ഷം രൂപ അടങ്കലായും 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് 60 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഡി.പി.ആർ. തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കായിക എഞ്ചിനീയറിംഗ് വിഭാഗം സ്ഥലം പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകര മണ്ഡലത്തിലെ കായിക പരിശീലന കേന്ദ്രങ്ങൾ

284 (4672) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ അനുവദിച്ച കുളത്തൂർ ഗവ. ഹൈസ്കൂളിലെ ഫുട്ബോൾ പരിശീലന കേന്ദ്രം, നെയ്യാറ്റിൻകര ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ബാസ്കറ്റ് ബോൾ പരിശീലന കേന്ദ്രം എന്നിവയുടെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ ഗവ. ഹൈസ്കൂളിലെ ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന കേന്ദ്രത്തിൽ 2019 മാർച്ച് മുതൽ ഫുട്ബോൾ നെയ്യാറ്റിൻകര ഗവ.ഹയർ സെക്കന്ററി സ്കൂളിലെ ഗ്രാസ്റൂട്ട് ബാസ്കറ്റ് ബോൾ പരിശീലന കേന്ദ്രത്തിൽ 2020 ഫെബ്രുവരി മുതൽ ബാസ്കറ്റ് ബോൾ ഇനത്തിൽ പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കോവിഡ് 19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി പരിശീലന പദ്ധതികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങൾക്ക് ഓരോ വർഷവും ചെലവാകുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തൊട്ടാകെ ഗ്രാസ്റൂട്ട് പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുകയാണ് ചെയ്യുന്നത്. പരിശീലന കേന്ദ്രങ്ങൾക്ക് പ്രത്യേകമായി തുക അനുവദിക്കുന്നില്ല.

മേപ്പയൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ സ്പോർട്സ് അക്കാദമി

285 (4673) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മേപ്പയൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ അനുവദിച്ച സ്പോർട്സ് അക്കാദമിയുടെ വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly